LIBRARY ARCHIVES Kerala Legislative Assembly

കെ.എസ്.ആർ.ടി.സി. കൊല്ലം- ചെങ്ങന്നൂർ ചെയിൻ സർവ്വീസ്

340 (2215) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. കൊല്ലം-ചെങ്ങന്നൂർ ചെയിൻ സർവ്വീസ് ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; എങ്കിൽ ഇതിനാവശ്യമായ ബസ്സുകളും ജീവനക്കാരെയും ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ;

(ബി) പ്രസ്തുത സർവ്വീസ് എന്നാരംഭിക്കുമെന്നറിയിക്കുമോ ?

ഉത്തരം

(എ&ബി) ബസ്സിന്റെ കുറവ് അനുഭവപ്പെടുന്നതിനാൽ കൊല്ലം-ചെങ്ങന്നൂർ ചെയിൻ സർവ്വീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

ബസ് ചാർജ് വർദ്ധനവ്

341 (2216) ശ്രീ. മാത്യു റ്റി. തോമസ് :
ശ്രീമതി ജമീലാ പ്രകാശം :
ശ്രീ. ജോസ് തെറ്റയിൽ :
ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര തവണ ബസ് ചാർജ് വർദ്ധിപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) വിവിധ വർദ്ധനവുകളിലായി വ്യത്യസ്ത സർവ്വീസുകളുടെ മിനിമം ചാർജിൽ എത്ര ശതമാനം വർദ്ധനവുണ്ടായി ;

(സി) ബസ് ചാർജ് പരിഷ്കരിക്കാൻ NATPAC-ന്റെ പഠന റിപ്പോർട്ട് ഇപ്പോൾ ആശ്രയിക്കുന്നുണ്ടോ ;

(ഡി) പല തവണകളിലായി ഡീസലിന് ഉണ്ടായ വിലക്കുറവിനെ തുടർന്ന് ബസ് ചാർജ്ജുകളിൽ കുറവ് വരുത്താത്തതിന്റെ കാരണം വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 3 തവണ.

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) ജസ്റ്റിസ് രാമചന്ദ്രൻ കമ്മിറ്റിയുടെ പഠന റിപ്പോർട്ടിന്റെ വെളിച്ചത്തിലാണ് ബസ് യാത്രാ നിരക്കുകൾ വർദ്ധിപ്പിക്കുന്നത്. കമ്മിറ്റി റിപ്പോർട്ട് തയ്യാറാക്കുന്ന വേളയിൽ NATPAC ശേഖരിക്കുന്ന വിവരങ്ങളും അവയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന പഠന റിപ്പോർട്ടുകളിലെ വിവരങ്ങളും കണക്കിലെടുക്കാറുണ്ട്.

(ഡി) പെട്രോൾ/ഡീസൽ വില വർദ്ധനവിന് പുറമേ സ്പെയർ പാർട്സ്, ടയർ, ലൂബ്രിക്കന്റ്സ് എന്നിവയുടെ വില, തൊഴിലാളികളുടെ വേതനം തുടങ്ങി സ്റ്റേജ് കാര്യേജുകളുടെ പ്രവർത്തനചെലവിലുണ്ടാകുന്ന വർദ്ധനവ്, വിദ്യാർത്ഥികൾ, അംഗപരിമിതരായ ആളുകൾ തുടങ്ങിയ വിഭാഗങ്ങൾക്ക് സൗജന്യയാത്ര അനുവദിക്കുന്നതുമൂലമുണ്ടാകുന്ന നഷ്ടം, ഇൻഷ്വറൻസ് പ്രീമിയം വർദ്ധനവ്, എന്നിങ്ങനെ സ്റ്റേജ് കാര്യേജ് ഓപ്പറേറ്റ് ചെയ്യുന്നതിലെ എല്ലാ ഘടകങ്ങളും കണക്കിലെടുത്തശേഷമാണ് ബസ് ചാർജ് വർദ്ധിപ്പിക്കുന്നതിന് തീരുമാനമെടുക്കുന്നത്. ആയതിനാൽ പെട്രോൾ/ഡീസൽ എന്നിവയിലെ വിലക്കുറവ് മാത്രം കണക്കാക്കി ചാർജ് കുറയ്ക്കുന്ന കാര്യം പൂർണ്ണമായും പ്രായോഗികമല്ല. എങ്കിലും ഇക്കാര്യത്തിൽ ജസ്റ്റിസ് രാമചന്ദ്രൻ കമ്മിറ്റിയുടെ അഭിപ്രായം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്.

ബസ്-ഓട്ടോ-ടാക്സി-ചാർജ്ജ് വർദ്ധനവ്

342 (2217) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര തവണ ബസ്-ഓട്ടോ-ടാക്സി ചാർജ്ജുകൾ വർദ്ധിപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഓരോ തവണയും നിലവിലുണ്ടായിരുന്ന ചാർജ്ജും വർദ്ധിപ്പിച്ച ചാർജ്ജും കാണിക്കുന്ന ഒരു പട്ടിക ലഭ്യമാക്കുമോ ;

(സി) ചാർജ് വർദ്ധനവ് നടപ്പാക്കിയപ്പോൾ ഡീസൽ, പെട്രോൾ വിലവർദ്ധനവ് പരിഗണിച്ചിരുന്നോ എന്ന് വ്യക്തമാക്കുമോ ;

(ഡി) പരിഗണിച്ചിട്ടുണ്ടെങ്കിൽ ഡീസൽ, പെട്രോൾ വില കുറഞ്ഞ സാഹചര്യത്തിൽ ബസ്-ഓട്ടോ-ടാക്സി ചാർജ്ജുകൾ കുറവ് വരുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്